(ബി) ഓരോ റോഡിലും എവിടെയുള്ള ശിലാഫലകങ്ങളാണ് തകർക്കപ്പെട്ടതെന്ന് തീയതിയും സമയവും സഹിതം വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച എത്ര കേസുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ കേസിലും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ഈ വകുപ്പുകളിൽ പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ പ്രയോഗിക്കുന്ന പി.ഡി.പി.പി. ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ജി) സർക്കാർ വക ശിലാഫലകം നശിപ്പിക്കപ്പെട്ടാൽ പി.ഡി.പി.പി. ആക്ട് അനുസരിച്ചല്ലേ കേസ് എടുക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) എങ്കിൽ ഇക്കാര്യത്തിൽ നടപടി എടുക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഐ) കേരളത്തിൽ എവിടെയൊക്കെ സമാന രീതിയിലുള്ള സംഭവങ്ങളിൽ കേസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(ജെ) ഈ കേസ്സുകളിൽ പി.ഡി.പി.പി. വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(കെ) റാന്നിയിൽ നടന്ന ഈ രണ്ടു സംഭവങ്ങളിലും പി.ഡി.പി.പി. ആക്ട് ഉൾപ്പെടുത്തി പ്രതികളെ പിടികൂടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടി സംഭവത്തെ സംബന്ധിച്ച് റാന്നി ബി.ഡി.ഒ.യുടെ പരാതി റാന്നി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല.

(ബി) ഇത് സംബന്ധിച്ച യാതൊരു പരാതിയും റാന്നി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല.

(സി) കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി-കെ) ബാധകമല്ല.

കൊല്ലം എ.ആർ. ക്യാമ്പിൽ നിന്ന് 2.5 ലക്ഷം രൂപ മോഷണം പോയ സംഭവം

67 (3019) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എ.ആർ, ക്യാമ്പിൽ നിന്ന് 1997 ഫെബ്രുവരി 1-ന് 2.5 ലക്ഷം രൂപ മോഷണം പോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുക മോഷണം പോയതു സംബന്ധിച്ച് ആരുടെ പേരിലെല്ലാമാണ് കേസ് എടുത്തിരിക്കുന്നത് എന്ന് വിശദമാക്കാമോ ;

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട പോലീസ് വകുപ്പിലെ ആരുടെ പേരിലെല്ലാം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇവരുടെ വിശദവിവരം അറിയിക്കാമോ ;

(ഇ) മോഷണം പോയ 2.5 ലക്ഷം രൂപ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(എഫ്) മോഷണം നടത്തിയവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ ;

(ജി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) കൊല്ലം എ.ആർ. ക്യാമ്പിൽ അന്നേദിവസം ഗാർഡ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഹെഡ്കോൺസ്റ്റബിൾമാരായ ശ്രീ. ബാഹുലേയൻ 4518, രാജഗോപാൽ 3924, പോലീസ് കോൺസ്റ്റബിൾമാരായ ശ്രീ. ജോയി 4691, വാസുദേവൻ 4039, മോഹനാചാരി 4744 എന്നിവരുടെ പേരിലാണ് കേസ് എടുത്തിരിക്കുന്നത്. ഈ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) പണാപഹരണം നടത്തിയതിന് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻമാരുടെ പേരിൽ 409, 34 ഐ.പി.സി. പ്രകാരമാണ് കേസ്. കോടതിയിൽ ചാർജ് ഷീറ്റ് നൽകിയിട്ടുണ്ട്.

(ജി) ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ ഗാർഡുകൾ കർശനമായ പരിശോധനയ്ക്ക് വിധേയമായി വരുന്നുണ്ട്.

കൊല്ലം കെ.എ.പി. മൂന്നാം ബറ്റാലിയനിലേയ്ക്കുള്ള അനധികൃത സ്ഥലം മാറ്റം ഒഴിവാക്കാൻ നടപടി

68 (3020) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് ജില്ലകളിൽ നിന്നും കൊല്ലം കെ.എ.പി. മൂന്നാം ബറ്റാലിയനിലേയ്ക്ക് അനധികൃത സ്ഥലംമാറ്റം നടക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly